(1)	(2)	(3)	(4)	(5)	(6)
8.	അട്ടപ്പാടി	476	850.55		ഈ പദ്ധതി ഇഐഎ പഠനം നടത്തിയതിനു ശേഷം പുനരാരംഭിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്
9.	കല്ലട	1,328	64,734		2002 മാർച്ചിൽ
10.	കാഞ്ഞിരപ്പുഴ	365	11,177.79	2003	'വൈന്റ് അപ്പ്' ചെയ്തു ചെറിയ
11.	പഴശ്ശി	442	15,620.97		ജോലികൾ മാത്രം നടത്തുന്നുണ്ട്.

നഗരജലവിതരണ പദ്ധതികളുടെ പ്രവർത്തനം

146 (1705) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരജലവിതരണ പദ്ധതികളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചുവോ ;

(ബി) എങ്കിൽ, സംസ്ഥാനത്തെ നഗരജലവിതരണ പദ്ധതികൾ നവീകരിക്കേണ്ടതായി ബോദ്ധ്യമായിട്ടുണ്ടോ ;

(സി) എങ്കിൽ, ഏതൊക്കെ നഗരജലവിതരണ പദ്ധതികളാണ് നവീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) വളരെ വർഷങ്ങൾക്കുമുമ്പ് കമ്മീഷൻചെയ്ത നഗരജലവിതരണ പദ്ധതികളുടെ പൈപ്പ് ലൈനുകൾ, പമ്പുകൾ, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ, ഏതൊക്കെ നഗരജലവിതരണ പദ്ധതികളാണ് ഇപ്രകാരം നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) നഗരജലവിതരണ നഷ്ടത്തിലൂടെ സംസ്ഥാനത്ത് സംഭരിക്കപ്പെടുന്ന ജലത്തിന്റെ 40% നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ, ആയത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എച്ച്) സംസ്ഥാനത്തെ നഗരജലവിതരണ പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഐ) ഇതിൽ ഏതെല്ലാം ജലവിതരണ പദ്ധതികളുടെ ട്രീറ്റ്മെന്റ് പ്ലാന്റുകളും ഇലക്ട്രിക് ഇൻസ്റ്റലേഷനുകളുമാണ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ആവശ്യകതയുടേയും ധനലഭ്യതയുടെയും അടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കാനാവശ്യമായ നടപടി എടുക്കുന്നുണ്ട്.

(ഇ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) വിതരണസമയത്ത് നഷ്ടമുണ്ടാകുന്നുണ്ട്. ഇത് 40%നുള്ളിൽ ആണ് എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

(ജി) ഉൽപ്പാദിപ്പിക്കപ്പെടുന്ന ജലത്തിൽനിന്നും ചോർച്ചമൂലം ഉണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് യഥാസമയം വേണ്ട അറ്റകുറ്റപ്പണികൾ നടത്താറുണ്ട്. അനുമതിക്കും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും കേടുവന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, പഴയപ്രിമോപൈപ്പു ലൈനുകളുടെ ജോയിന്റുകൾ ബലപ്പെടുത്തൽ എന്നീ പ്രവർത്തികളും ചെയ്യാറുണ്ട്. കൂടാതെ, ജലത്തിന്റെ ദുരുപയോഗം തടഞ്ഞും, മീറ്ററുകളുടെ കേടുപാടുകൾ തീർത്തും ജലവിതരണനഷ്ടം പരിഹരിക്കാറുണ്ട്.

(എച്ച്) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഐ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾക്കുള്ള ശുദ്ധജലവിതരണ പദ്ധതി

147 (1709) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിക്കായി വാട്ടർ അതോറിറ്റി എന്തെല്ലാം പ്രത്യേക ആനുകൂല്യങ്ങളാണ് അനുവദിച്ചു വരുന്നത് ;

(ബി) ഇവർക്കായി സംസ്ഥാനത്ത് അതോറിറ്റിയുടെ കീഴിൽ ആകെ എത്ര വാട്ടർ സപ്ലൈ സ്കീമുകൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൻ കീഴിൽ അനുവദിക്കുന്ന തുകയുടെ 35% പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ ശുദ്ധജല വിതരണപദ്ധതി നടപ്പിലാക്കാൻ വേണ്ടി ഉപയോഗിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് ജില്ലാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly